# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### വസ്തു നികതി പരിഷ്കരണം സംബന്ധിച്ച ഉത്തരവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1728** **4.12.15- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | പഞ്ചായത്തുകളിലെ വസ്തു നികതി പരിഷ്കരണം സംബന്ധിച്ച് ഏതൊക്കെ ഉത്തരവുകളാണ് ഇറക്കിയതെന്ന വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തു നികതി നിർണ്ണയിക്കുന്നതിനായി 14/01/2011-ലെ സ.ഉ(അ) നമ്പർ 20/2011/തസ്വഭവ പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികതിയും സേവന ഉപനികതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചു.<br><br>പ്രസ്തുത ചട്ടങ്ങൾക്കുള്ള ഭേദഗതി ചട്ടങ്ങൾ 13/03/2013-ലെ സ.ഉ(അ) നമ്പർ 88/2013/തസ്വഭവ പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.<br><br>04/06/2013-ലെ സ.ഉ(എം.എസ്) 210/13/തസ്വഭവ നമ്പർ പ്രകാരം ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.<br><br>ഏറ്റവും ഒടുവിൽ 27/04/2015-ലെ സ.ഉ (എം.എസ്) നം.144/15/തസ്വഭവ പ്രകാരം വസ്തുനികതി പിരിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ കൂടി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | പല പഞ്ചായത്തുകളും പുതുക്കിയ നിരക്കിലുള്ള വസ്തു നികതി ഈടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | പല ഗ്രാമപഞ്ചായത്തുകളും പുതുക്കിയ നിരക്കിലുള്ള വസ്തു നികതി ഈടാക്കിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | കൂടുതലായി ഈടാക്കിയ നികതിസംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് | (സി) | 27/04/2015-ലെ സ.ഉ(എം.എസ്) 144/15/തസ്വഭവ നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം 2000 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ |

| | | |
|---|---|---|
| | വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | റിട്ടുകൾക്ക് പുതിയ ചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് ബാധകമല്ല. അവർക്ക് 01/04/2013-ന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി തന്നെ നൽകിയാൽ മതിയാകുന്നതാണ്. അവരിൽ നിന്നും ഇതിനകം ഈടാക്കിയിട്ടുള്ള തുകകൾ ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

[illegible] ...്യമാണ്